# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 525 — 29.01.2019 ൽ മറുപടിക്ക്

പാറ ഖനനം സംബന്ധിച്ച ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | പാറ ഖനനത്തിന് അനുമതി നൽകേണ്ട ജില്ലാതല വിദഗ്ധ സമിതികൾ പിരിച്ചുവിടാൻ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; | (എ) | 15.01.2016 തിയതിയിലെ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷനിലെ നിർദേശനാനുസരണമാണ് 5 ഹെക്ടറിൽ കുറവുള്ള ഭൂമിയിൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ജില്ലാ തല പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയും (DEIAA) ജില്ലാ തല വിദഗ്ധ അപഗ്രഥന സമിതിയും (DEAC) രൂപീകരിച്ചിരുന്നത്. എന്നാൽ 11.12.2018 തീയതിയിലെ ഉത്തരവിലൂടെ ദേശീയ ഹരിത ട്രൈബ്യൂണൽ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത് വരെ, 15.01.2016 തിയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പ്രവർത്തികൾ തടഞ്ഞിരിക്കുകയാണ്. |
| (ബി) | എങ്കിൽ പകരം അനുമതിക്കായി സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണയ സമിതിക്കാണോ അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ; | (ബി) | 11.12.2018 തീയതിയിലെ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജില്ലാതല അതോറിറ്റികൾക്ക് പ്രവർത്തിക്കാനാകാത്ത സാഹചര്യത്തിൽ ജില്ലകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയസമിതി സ്വീകരിച്ച് മുൻഗണനാ ക്രമത്തിൽ കമ്മിറ്റിയിൽ വച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കമ്മിറ്റിക്കാണ് അപേക്ഷ നൽകേണ്ടതെങ്കിൽ ഇത് കാലതാമസത്തിനും അതുവഴി പാറക്ഷാമം രൂക്ഷമാകുന്നതിനും കാരണമാകുമോ എന്നറിയിക്കാമോ; | (സി) & (ഡി) | പാരിസ്ഥിതികാനുമതിക്കായുള്ള എല്ലാ അപേക്ഷകളും സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണയ സമിതി പരിഗണിക്കേണ്ടുന്ന സാഹചര്യമുള്ളതിനാൽ അനുമതിലഭിക്കുന്നതിനു കാലതാമസം ഉണ്ടാകുവാൻ സാധ്യത ഉണ്ട്. തന്മൂലം പുതുതായി ലൈസൻസ് ലഭിക്കുന്ന ക്വാറികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുവാനും നിർമാണ പ്രവർത്തനങ്ങൾ |
| (ഡി) | വീടുകളുടെയും റോഡുകളുടെയും നിർമ്മാണത്തിനും വിഴിഞ്ഞം തുറമുഖ | | |

| | |
|---|---|
| നിർമ്മാണം പോലുള്ള വൻകിട പദ്ധതികൾക്കും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനത്തിനും ഈ ഉത്തരവ് തിരിച്ചടിയാകുമോയെന്ന് വ്യക്തമാക്കാമോ? | മന്ദഗതിയിലാകുവാനും സാധ്യത ഉണ്ട്. |

**സെക്ഷൻ ഓഫീസർ**